## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7194

16.07.2012 ൽ
മറുപടിയ്ക്ക്

## പട്ടയഭൂമി കൈമാറാൻ വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പാലോട് രവി<br>ശ്രീ.ബെന്നി ബെഹനാൻ | | ശ്രീ.അടൂർ പ്രകാശ്<br>(ബഹു.റവന്യു വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടയഭൂമി കൈമാറാൻ നിലവിൽ വ്യവസ്ഥയുണ്ടോ: വിശദമാക്കുമോ; | എ) | ഉണ്ട്. കേരളാ സംസ്ഥാനത്തിൽ നിലനിൽക്കുന്ന വിവിധ ഭൂമി പതിവ് ചട്ടങ്ങളിൽ പട്ടയഭൂമി കൈമാറ്റം സംബന്ധിക്കുന്ന വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകുന്ന ഭൂമി 25 വർഷം കഴിഞ്ഞ് മാത്രമേ കൈമാറ്റം ചെയ്യാൻ പാടുള്ളു എന്ന് 24.01.2009 ലെ ജി.ഒ (പി)49/2009/ആർ.ഡി പ്രകാരം ഉത്തരവായിട്ടുള്ളതാണ്. 1995 ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകുന്ന ഭൂമി 12 വർഷം കഴിഞ്ഞ് മാത്രമെ അന്യാധീനപ്പെടുത്താവൂ എന്ന് ടി ചട്ടം (11) പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. 1993 ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾ പ്രകാരം പതിച്ചു കിട്ടുന്ന ഭൂമി 16.11.2010 ലെ ജി ഒ (പി)456/2010/ആർ ഡി നമ്പർ ഭേദഗതി പ്രകാരം കൈമാറ്റം ചെയ്യാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ കൈമാറ്റം ചെയ്ത ഭൂമി ടി ചട്ടം (3) ൽ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും വിനിയോഗിക്കാൻ പാടില്ലാത്തതാണ്. കൂടാതെ കേരള ഭൂപരിഷ്കരണ (സീലിംഗ്) ചട്ടങ്ങൾ 1970 പ്രകാരം പതിച്ചു നൽകിയ ഭൂമി കൈമാറ്റം ചെയ്യാവുന്ന കാലാവധി 20 വർഷമായി നിജപ്പെടുത്തിക്കൊണ്ട് 11.3.2009 ലെ ജി ഒ (പി) 129/2009/റവന്യൂ നമ്പരായി ഉത്തരവായിട്ടുള്ളതാണ്. |
| ബി) | ഈ വ്യവസ്ഥ ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | ബി) & സി) | 01.01.1977 ന് മുമ്പ് വന ഭൂമി കൈയ്യേറിയവർക്ക് പ്രസ്തുത ഭൂമി പതിച്ച് നൽകുമ്പോൾ കൈമാറ്റം ചെയ്യുന്നതിനുള്ള അവകാശം നൽകുന്നതിനായി ചട്ടം ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| സി) | ഇതിനായി നിയമനിർമ്മാണം നടത്തുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ